"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

150 YEARS OF CELEBRATING THE MAHATMA

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - ലോക്ക് ഡൗൺ നിയന്ത്രണങ്ങൾക്ക് വിധേയമായി സംസ്ഥാനത്തെ വിദേശമദ്യശാലകൾ, ബാർ, ബിയർ/വൈൻ പാർലർ എന്നിവ തുറന്ന് പ്രവർത്തിയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു

---

**നികുതി (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.396/2021/നി.വ   തീയതി,തിരുവനന്തപുരം, 16/06/2021

---

പരാമർശം:-

1 ഡിസാസ്റ്റർ മാനേജ്മെന്റ് (എ) വകുപ്പിന്റെ 15-6-2021 ലെ G.O. (Rt) 467/2021/DMD നമ്പർ ഉത്തരവ്

2 14.05.2020-ലെ G.O (P) 73/2020/TD നമ്പർ വിജ്ഞാപനം

3 18.05.2020-ലെ G.O (MS) 41/2020/TD നമ്പർ ഉത്തരവ്

4 എക്സൈസ് കമ്മീഷണറുടെ 16-6-2021 ലെ EXC/1774/2020-XC7 നമ്പർ കത്ത്

5 കെ.എസ്.ബി.സി. ചെയർമാൻ മാനേജിംഗ് ഡയറക്ടറുടെ 16.06.2021-ലെ KSBC/FM/40/2021-22 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ ബിവറേജസ് ഔട്ട് ലൈറ്റുകളും, ബാറുകളും നിലവിലുള്ള കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് തുറന്ന് പ്രവർത്തിയ്ക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിൽ ബിവറേജസ് ഔട്ട് ലെറ്റുകൾ, ബാർ ഹോട്ടലുകൾ, ബിയർ വൈൻ പാർലറുകൾ എന്നിവയുടെ പ്രവർത്തന സമയം നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ അവയുടെ പ്രവർത്തന സമയം നിഷ്കർഷിച്ചുകൊണ്ടുള്ള ഉത്തരവ് ഉണ്ടാകണമെന്ന് പരാമർശം (4) പ്രകാരം എക്സൈസ് കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ FL1 ഔട്ട് ലെറ്റുകളും വിദേശ മദ്യ ചട്ടം 13 (3E), 13(11C) അനുസരിച്ച് ബാർ ഹോട്ടലുകൾ (FL 3), ബിയർ/ വൈൻ പാർലറുകൾ (FL 11) എന്നിവയും മൊബൈൽ ആപ്പ് ഒഴിവാക്കി മദ്യം പാർസൽ വില്പന നടത്തുന്നതിന് പരാമർശം (1) ഉത്തരവിലെ നിബന്ധനകൾ കർശനമായി പാലിച്ചുകൊണ്ടും, നിലവിലുള്ള അബ്കാരി നിയമത്തിലും ചട്ടങ്ങളിലും അനുശാസിക്കുന്ന സമയം തുറക്കേണ്ടതും, അന്നേദിവസം വൈകുന്നേരം 7 മണിയ്ക്ക് പ്രവർത്തനം അവസാനിപ്പിയ്ക്കേണ്ടതുമാണ് എന്ന നിബന്ധനയിലും പ്രവർത്തിയ്ക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ എസ്.**

**ജോയിന്റ് സെക്രട്ടറി**

എക്സൈസ് കമ്മീഷണർ , തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ